ഹയർ സെക്കൻററി വിദ്യാഭ്യാസ

ഡയറക്ടറുടെ കാര്യാലയം

ഹൗസിങ് ബോർഡ് ബിൽഡിംഗ്

തിരുവനന്തപുരം-1

നംബർ. **ICT Cell/1771/HSE/**2017 18/7/2017

# സർക്കുലർ

**വിഷയം: പ്ലസ്‌വൺ ഏകജാലകേതര പ്രവേശനം : കമ്മ്യൂണിറ്റി ക്വാട്ട പ്രവേശനം പൂർത്തീകരണം രേഖപ്പെടുത്തൽ , മാനേജ്മെൻറ് / അൺ-എയ്ഡഡ് ക്വാട്ട കോമ്പിനേഷൻ ട്രാൻസ്ഫർ, എയ്ഡഡ് സ്കൂളിൽ മെരിറ്റിൽ നിന്നും മാനേജ്മെൻറ് ക്വാട്ടകളിലേക്കുള്ള കോമ്പിനേഷൻ മാറ്റം - പ്രിൻസിപ്പൾമാർക്കുള്ള നിർദ്ദേശങ്ങൾ**

സൂചന : 1) GO(Rt).No. 1236/2017/GEdn dated 03/05/2017

2) ഇതേ നമ്പറിൽ 2017 ജൂൺ 7 ലെ സർക്കുലർ

സൂചന 2 സർക്കുലറിലൂടെ സംസ്ഥാനത്തെ ഹയർസെക്കണ്ടറി സ്കൂളുകളിലെ ഒന്നാം വർഷ പ്രവേശനത്തിൻെറ പുതിക്കിയ ഷെഡ്യൂൾ പ്രസിദ്ധീകരിച്ചിരിന്നു. പ്രസ്തുത ഷെഡ്യൂൾ പ്രകാരം **കമ്മ്യൂണിറ്റി ക്വാട്ട പ്രവേശനം 2017 ജൂലൈ 18 ന് വൈകിട്ട് 5 മണിക്ക് പൂർത്തീകരിക്കേണ്ടതാണ്.** കമ്മ്യൂണിറ്റി ക്വാട്ട പ്രവേശനത്തിൻെറ പൂർത്തീകരണം രേഖപ്പെടുത്തുന്നതിനുള്ള കൺഫർമേഷൻ ലിങ്ക് (COMMUNITY ADMISSION COMPLETION CONFIRMATION ) **2017 ജൂലൈ 18 ന് വൈകിട്ട് 5 മണി മുതൽ ലഭ്യമാകുന്നതാണ്. 2017 ജൂലൈ 19 ന് രാവിലെ 11 മണിക്കു മുൻപായി പൂർത്തീകരണം രേഖപ്പെടുത്തേണ്ടതാണ്. പ്രസ്തുത സമയത്തിനു ശേഷം കമ്മ്യൂണിറ്റി ക്വാട്ടയിൽ അവശേഷിക്കുന്ന സീറ്റുകൾ പൊതുമെരിറ്റ് സീറ്റായി പരിവർത്തനം ചെയ്ത് രണ്ടാം സപ്ലിമെൻററി അലോട്ട്മെൻറിനായി വേക്കൻസിയായി പ്രസിദ്ധീകരിക്കുന്നതാണ്.**

**മാനേജ്മെൻറ് / അൺ-എയ്ഡഡ് ക്വാട്ടകളിൽ** പ്രവേശനം നേടിയ വിദ്യാർത്ഥികൾക്ക് അവരുടെ ആഗ്രഹപ്രകാരം രക്ഷകർത്താകളുടെ അറിവോടെ മാനേജ്മെൻറ് അനുവദിക്കുന്നപക്ഷം പ്രവേശനം നേടിയ

സ്കൂളിലെ പ്രസ്തുത ക്വാട്ടയിലെ മറ്റൊരു കോമ്പിനേഷനിലെ ഒഴിവിലേക്ക് മാറ്റം **(COMBINATION TRANSFER)** അനുവദിക്കാവുന്നതാണ്. കൂടാതെ ആവശ്യമെങ്കിൽ പരസ്പരമാറ്റവും **(MUTUAL TRANSFER)** അനുവദിക്കാവുന്നതാണ്. പ്രസ്തുത മാറ്റങ്ങൾ ഓൺലൈനായി രേഖപ്പെടുത്തുന്നതിനുള്ള ലിങ്കുകൾ**(MANAGEMENT COMBINATION TRANSFER MODULE** or **UNAIDED COMBINATION TRANSFER MODULE )** 2017 ജൂലൈ 28 മുതൽ ലഭ്യമാകുന്നതാണ്. സൂചന 2 ലെ ഷെഡ്യൂൾ പ്രകാരം **മാനേജ്മെൻറ് / അൺ-എയ്ഡഡ് ക്വാട്ടകളിലെ പ്രവേശനം 2017 ജൂലൈ 31 ന് വൈകിട്ട് 5 മണിക്ക് പൂർത്തിയാക്കേണ്ടതാണ്.**

**എയ്ഡഡ് സ്കൂളിൽ മെരിറ്റ് ക്വാട്ടയിൽ** പ്രവേശനം നേടിയ ശേഷം അതേ സ്കൂളിലെ മറ്റൊരു കോമ്പിനേഷനിൽ മാനേജ്മെൻറ് ക്വാട്ടയിൽ പ്രവേശനം നേടിയ വിദ്യാർത്ഥിയുടെ വിവരങ്ങൾ മാനേജ്മെൻറ് ക്വാട്ടയിൽ ഉൾപ്പെടുത്തുന്നതിനായി മെരിറ്റ് ക്വാട്ടയിലെ പ്രവേശനം റദ്ദാക്കുന്നതിനായി CANCEL MERIT ADMISSION എന്ന ലിങ്ക് ജൂലൈ 18 മുതൽ അഡ്മിൻ യൂസറിൽ ലഭ്യമാകുന്നതാണ്. **കമ്മ്യൂണിറ്റി ക്വാട്ടയിൽ** നിന്ന് മാനേജ്മെൻറ് ക്വാട്ടയിലെ മറ്റൊരു കോമ്പിനേഷനിലേക്ക് മാറുന്ന വിദ്യാർത്ഥിയെ കമ്മ്യൂണിറ്റി ക്വാട്ടയിൽ നോൺ-ജോയിനിങ്ങായി രേഖപ്പെടുത്തിയാൽ മതിയാകും.

വിവിധ ആവശ്യങ്ങൾക്കായി സ്കൂൾ അധികൃതർക്ക് നൽകിയിട്ടുള്ള ലിങ്കുകൾ (TC GENERATOR MODULE, CANCEL MERIT ADMISSION തുടങ്ങിയ) അതത് ആവശ്യങ്ങൾക്ക് മാത്രമേ വിനിയോഗിക്കുന്നുള്ളുവെന്ന് പ്രിൻസിപ്പൽമാർ ഉറപ്പാക്കേണ്ടതാണ്.

**ഡയറക്ടർ-ഇൻ-ചാർജ്ജ്**